**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 255** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളജിൽ രോഗിക്ക് ശസ്ത്രക്രിയ ചെയ്തതിലെ പിഴവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളജിൽ രോഗിക്ക് ശസ്ത്രക്രിയ ചെയ്യേണ്ട ഭാഗത്തിന് പകരം മറ്റൊരു ഭാഗത്ത് ശസ്ത്രക്രിയ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഇതിനായി രൂപീകരിച്ച അന്വേഷണ കമ്മിറ്റി മൊഴികളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പിഴവ് വരുത്തിയ ഡോക്ടറെ അന്നേ ദിവസം തന്നെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സംഭവത്തിൽ ശസ്ത്രക്രിയയുടെ ഏകോപനത്തിലും ഉത്തരവാദിത്തം നിറവേറ്റുന്നതിലും ഉണ്ടായ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഡോക്ടർമാർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും എതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിൽ ചേർത്ത പ്രകാരം. |
| (സി) | ഇത്തരം നിരുത്തരവാദപരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും, ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും, തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നേഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നേഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് |

| | | | | |
|---|---|---|---|---|
| | | | | കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>1. WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക.<br><br>2. രോഗിയെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനു മുൻപായി കുറഞ്ഞത് രണ്ടു തവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തുക.<br><br>3. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്തെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം.<br><br>4.ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം.<br><br>5. എല്ലാ ഉപകരണങ്ങളും, സർജറിക്ക് വേണ്ട മറ്റ് സംവിധാനങ്ങളും പൂർണ്ണ സജ്ജമാണെന്ന് സർജറിക്ക് മുൻപ് ഉറപ്പ് വരുത്തണം.<br><br>6. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. |

സെക്ഷൻ ഓഫീസർ